**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **09-10-2024 - ൽ മറുപടിയ്ക്ക്**

**കടൽ ചെമ്മീൻ ഇറക്കുമതി വിലക്ക് മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നമ്മുടെ രാജ്യത്തിൽനിന്നുള്ള കടൽ ചെമ്മീൻ ഇറക്കുമതിക്ക് അമേരിക്ക വിലക്ക് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടൽമത്സ്യ കയറ്റുമതി നേരിടുന്ന പ്രതിസന്ധി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള കടൽ ചെമ്മീന്റെ കയറ്റുമതിയിൽ വലിയ സംഭാവനയാണ് കേരളം നൽകി പോന്നിരുന്നത്. കടലാമകളുടെ സംരക്ഷണാർത്ഥം ആഗസ്റ്റ് 2019 മുതൽ ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതി ചെയ്യുന്നതിന് യു.എസ്എ നിരോധനം ഏർപ്പെടുത്തി. 2019 വരെ കേരളത്തിൽ നിന്ന് യു.എസ്.എയിലേക്കുള്ള ചെമ്മീൻ കയറ്റുമതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതി അമേരിക്ക നിരോധിച്ചതിനാൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിക്കാർക്ക് യുഎസ് വിപണിയുടെ വിഹിതം നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്. ഇതിനാൽ മറ്റു വിപണികൾ വാഗ്ദാനം ചെയ്യുന്ന ചെമ്മീനിന്റെ യൂണിറ്റ് മൂല്യത്തെയും നിരോധനം ബാധിച്ചു. Marine Products Exports Development Authority (MPEDA) യുടെ രേഖകൾ പ്രകാരം ശരാശരി കയറ്റുമതി വിലയിൽ 42% ഇടിവ് രേഖപ്പെടുത്തി. അതായത് US 9.87 $/ Kg-ൽ നിന്ന് US 5.68 $/ Kg ആയി വില കുറഞ്ഞു. |
| (ബി) | അമേരിക്കയുടെ ചെമ്മീൻ ഇറക്കുമതി നിരോധനത്തെ തുടർന്ന് മറ്റ് രാജ്യങ്ങളും നമ്മുടെ രാജ്യത്തിൽ നിന്നുള്ള കടൽ ചെമ്മീൻ ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അമേരിക്കയുടെ ചെമ്മീൻ ഇറക്കുമതി നിരോധനം തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മത്സ്യബന്ധന-വിപണന മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (സി) | ഇന്ത്യയ്ക്ക് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതി പുനരാരംഭിക്കണമെങ്കിൽ ഇന്ത്യയിൽ ഉപയോഗിക്കുന്ന എല്ലാ ട്രോൾ വലകളിലും Turtle Excluder Device (TED) ഘടിപ്പിച്ചു എന്ന് US National Oceanic and |

Atmospheric Administration (NOAA) സർട്ടിഫൈ ചെയ്യണം.

ബോട്ടം ട്രോൾ വലകളിൽ TED നിർബ്ബന്ധമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കെ. എം. എഫ്. ആർ. റൂൾ 2019-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള TED ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഡെമോൺസ്ട്രേഷൻ MPEDA-NETFISH-ന്റെ നേതൃത്വത്തിൽ 11 മത്സ്യബന്ധന ഹാർബറുകൾ (ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ, മുനമ്പം, തോപ്പുംപടി, മുനക്കകടവ്, പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, അഴീക്കൽ, മടക്കര) കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 18/07/2024 -ന് CIFT യിൽ വച്ച് stake holder യോഗം സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് 24/07/2024 ന് MPEDA NETFISH, CIFT, CIFNET എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളി സംഘടനകൾ, സീ ഫുഡ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മന്ത്രിതല യോഗം ചേരുകയും തദവസരത്തിൽ, ട്രോൾ വലകളിൽ TED ഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള ബോട്ടുടമകളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ ചർച്ച ചെയ്യുകയും ചെയ്തു. കൂടാതെ അമേരിക്ക ഏർപ്പെടുത്തിയിരിക്കുന്ന നിരോധനവും, വിപണിയിലെ വിലയിടിവും തരണം ചെയ്യുന്നതിന് കടൽ ചെമ്മീനിന് കൂടുതൽ അഭ്യന്തര വിപണി കണ്ടെത്തി മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ മത്സ്യഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെമ്മീൻ കയറ്റുമതി രംഗത്തുണ്ടായ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിവിധ സംഘടനാ പ്രതിനിധികളും ഉൾപ്പെട്ട ഒരു സംഘം ന്യൂഡൽഹിയിൽ പോകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബോട്ടുടമകളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിച്ച് വലകളിൽ TED ഘടിപ്പിക്കാനായാൽ ആഗോള കയറ്റുമതി രംഗത്ത്, പ്രത്യേകിച്ചും ചെമ്മീൻ കയറ്റുമതി രംഗത്ത് ഏറ്റവും മികച്ച വിപണിയായ അമേരിക്കയിലേക്ക് ചെമ്മീൻ കയറ്റുമതി സാധ്യമാകുന്നതിനും, മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും, ഇന്ധന ക്ഷമത

| | | | |
|---|---|---|---|
| | | | കൂട്ടുന്നതിനും അതുവഴി മത്സ്യബന്ധനം ലാഭകരമാക്കാനും കഴിയുന്നതാണ്. |
| (ഡി) | ചെമ്മീൻ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി നേരിടുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അത് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പ്രൊപ്പോസൽ മത്സ്യഫെഡ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2019 വരെ കേരളത്തിൽ നിന്ന് യു.എസ്.എയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയുടെ വിശദാംശങ്ങൾ

| **വർഷം** | **2017-18** | **2018-19** |
|---|---|---|
| തൂക്കം (ടൺ) | 46815 | 36798 |
| മൂല്യം (രൂപ കോടിയിൽ) | 2021.68 | 1753.36 |
| മൂല്യം [US$(Million)] | 317.61 | 254.84 |